II അടിയന്തിരപ്രമേയം

കെട്ടിക്കിടക്കുന്ന നെല്ല് മുഴുവൻ സംഭരിക്കുമെന്ന വാഗ്ദാനം പാലിക്കണമെന്ന ആവശ്യം

മി. സ്പീക്കർ: കെട്ടിക്കിടക്കുന്ന നെല്ല് മുഴുവൻ സർക്കാർ സംഭരിക്കുമെന്ന വാഗ്ദാനം പാലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള എൽ.ഡി.എഫ് നേതാക്കൾ നിയമസഭാ കവാടത്തിൽ ഇന്നലെ രാവിലെ മുതൽ നിരാഹാര സത്യാഗ്രഹം ആരംഭിച്ചതിനെ തുടർന്ന് സംസ്ഥാനത്തെ ജനങ്ങളിൽ ഉളവായിരിക്കുന്ന ആശങ്കയും നെൽകർഷകർ നേരിടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷവും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, എം. കുമാരൻ, വി. ചെന്താമരാക്ഷൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, ബിനോയ് വിശ്വം എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 A.M.]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്നലെ പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കളും ആരംഭിച്ച നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് നിയമസഭാ സമ്മേളനം കഴിഞ്ഞയുടനെ പ്രതിപക്ഷകക്ഷിയിൽപ്പെട്ട മറ്റ് നേതാക്കളുമായും ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരുമായും ദീർഘമായി ചർച്ചചെയ്യുകയുണ്ടായി. പ്രതിപക്ഷ നേതാവിന്റെ കത്തിൽ മുഖ്യമായും നാല് കാര്യങ്ങൾ ആയിരുന്നു എഴുതിയിരുന്നത്. (1) നെല്ലുസംഭരണം (2) മുഞ്ഞ ബാധിച്ചവർക്കുള്ള സഹായ ധനം (3) വിള ഇൻഷ്വറൻസിന്റെ ബാക്കിയുള്ള പ്രീമിയം അടയ്ക്കുക (4) ആത്മഹത്യ ചെയ്ത കർഷകകുടുംബങ്ങൾക്ക് എല്ലാ സഹായങ്ങളും ചെയ്യുക. ഈ നാല് കാര്യങ്ങളാണ് മിനിയാന്ന് തന്ന കത്തിൽ അദ്ദേഹം ഉന്നയിച്ചിരുന്നത്. നേരത്തെ ഇവിടെ നടന്ന ചർച്ചകളിൽ ഉയർന്നുവന്ന കാര്യവും ഇതുതന്നെയായിരുന്നു. ഗവൺമെന്റ് നേരത്തെതന്നെ തീരുമാനങ്ങൾ എടുത്തിരുന്നു. തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വീഴ്ച വന്നിട്ടില്ല. ഇതുവരെ 22868 ടൺ നെല്ല് സംഭരിച്ചുകഴിഞ്ഞു. ആലപ്പുഴയിലേയും തൃശൂരിലേയും നെല്ല് സംഭരണത്തിൽ ഞങ്ങൾക്ക് പൂർണ്ണ സംതൃപ്തിയാണുള്ളത്. ഇതിനോടകം ആലപ്പുഴയിൽത്തന്നെ 15778 ടൺ എടുത്തു. ഇന്നലെ വൈകിട്ടത്തെ കണക്ക് പ്രകാരം കഴിഞ്ഞ സീസണിൽ ആലപ്പുഴയിൽ ആകെ എടുത്തത് 25,000 ടൺ നെല്ലാണ്. കഴിഞ്ഞ പ്രാവശ്യത്തെപ്പോലെതന്നെ ആലപ്പുഴയിൽ നെല്ല് സംഭരണം നടക്കുന്നുണ്ട്. തൃശൂരിൽ 1600 ടൺ ഇന്നലെവരെ എടുത്തുകഴിഞ്ഞു. അവിടെ രണ്ട് ഏജൻസികളാണുള്ളത്. അവ അഡാക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും അത്താണി മില്ലുമാണ്. വളരെ നല്ല നിലയിൽ പോകുന്ന അവ തൃശൂരിൽ കർഷകരുമായി കൂടിയാലോചിച്ച് കിന്റൽ ഒന്നിന് 720 രൂപയാണ് ഫിക്സ് ചെയ്തിരുന്നത്. ബാക്കിയുള്ളിടത്ത് 750 രൂപയും. തൃശൂരിൽ 720 രൂപ സമ്മതിച്ചെങ്കിലും ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുന്നത് 750 രൂപയ്ക്കുതന്നെയാണ്. ഇവർ 750 രൂപയ്ക്ക് എടുത്തോളാം എന്നുപറഞ്ഞു. തൃശൂരിലെ ഇന്നലത്തെ കണക്കാണ് പറഞ്ഞത്. ഇന്നത്തെ കണക്ക് ഇപ്പോൾ കിട്ടിയിട്ടുണ്ട്. 4100 ടൺ എടുത്തുകഴിഞ്ഞു. അത്താണി മില്ല് 2500 ടൺ എടുത്തു. അഡാക് സൊസൈറ്റി 1600 ടൺ എടുത്തു. തൃശൂർ ജില്ലയിൽ നല്ല പ്രോഗ്രസുണ്ട്. എനിക്ക് സന്തോഷം തോന്നുന്നു. കർഷകർ 720 രൂപ മതി എന്നുപറഞ്ഞിടത്ത് 750 രൂപയ്ക്ക് ഇവിടെനിന്ന് പ്രൊക്യൂർമെന്റ് നടക്കുകയാണ്. ആലപ്പുഴയിലും തൃശൂരിലും നല്ല പുരോഗതിയുണ്ട്. ഗവൺമെന്റിന് പൂർണ്ണ സംതൃപ്തിയുണ്ട്. പാലക്കാട് 13,000 ടൺ എടുത്തു. പാലക്കാട് സംഭരണം തുടങ്ങിയത് താമസിച്ചാണ്. കാരണം 18,000 ടൺ അവിടെ കെട്ടിക്കിടപ്പുണ്ട്. അത് വിറ്റഴിക്കാൻ സാധിച്ചിട്ടില്ല. അത് വിറ്റഴിച്ചാലേ അവർക്ക് പുതിയത് എടുക്കാൻ സാധിക്കൂ. അതുകൊണ്ട് ഞാൻ പാലക്കാടുപോയി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനം എടുത്തു. കഴിഞ്ഞ വർഷം അവർ കൂടിയ വിലയ്ക്കുവാങ്ങിയ നെല്ലിന് അതിന്റെ പകുതി വിലയായ 72 ലക്ഷം രൂപ ഗവൺമെന്റ് കൊടുക്കാമെന്ന് പറഞ്ഞു. അത് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ പാലക്കാട് സംഭരണം തുടങ്ങി. 3000 ടൺ എടുത്തു. ഇനിയുള്ള ദിവസങ്ങളിൽ വളരെ വേഗത്തിൽ അവിടുത്തെ പ്രൊക്യൂർമെന്റ് നടക്കും. പാലക്കാടിനെ സംബന്ധിച്ച് ഞങ്ങൾക്ക് ഒരു ഉത്ക്കണ്ഠയും ഇല്ല. പക്ഷേ പാലക്കാട് രണ്ട്മൂന്ന് ദിവസത്തെ സംഭരണം കൂടി കഴിഞ്ഞാലേ ആലപ്പുഴയേയും തൃശൂരിനേയും പോലെ തൃപ്തി പറയാൻ സാധിക്കൂ. ആകെ ഒരു തടസ്സം വന്നിരിക്കുന്നത് കോട്ടയം ജില്ലയിലാണ്. കോട്ടയം ജില്ലയിൽ ഇതുവരെ 1850 ടൺ ആണെടുത്തിരിക്കുന്നത്. കോട്ടയം ജില്ലയിൽ കഴിഞ്ഞ പുഞ്ച സീസണിൽ എടുത്തത് 8500 ടൺ ആണ്. കഴിഞ്ഞ പ്രാവശ്യം കുറച്ച് കൃഷി നാശം കൂടി വന്നിരുന്നു. അതുകൊണ്ട് 12,000 ടൺ എങ്കിലും കോട്ടയത്ത് എടുക്കേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ 1850 ടൺ മാത്രമേ എടുത്തിട്ടുള്ളൂ. കോട്ടയത്തിന്റെ ഒരു പ്രത്യേക സാഹചര്യം ഞാൻ പറഞ്ഞു, കഴിഞ്ഞവർഷം സജീവമായി നെല്ല് എടുത്തിരുന്ന ചില സൊസൈറ്റികളെ ബ്ളാക്ക് ലിസ്റ്റിൽപ്പെടുത്തി. അതുകൊണ്ട് അവർക്ക് എടുക്കാൻ പറ്റുന്നില്ല. അത് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നുതന്നെ അതിനൊരു പരിഹാരം ഉണ്ടാക്കാൻ, ബ്ളാക്ക് ലിസ്റ്റിൽ നിന്ന് മാറ്റി, അവർക്കും സംഭരണത്തിന് അനുമതി കൊടുക്കും. അങ്ങനെ കൊടുത്താൽ കോട്ടയത്തിന് കുറച്ച് പ്രോഗ്രസ് വരും. ഞാൻ പറഞ്ഞു, ചില സൊസൈറ്റികൾ എടുക്കാൻ തുടങ്ങുന്നില്ല. കുമരകം, നാട്ടകം എന്നീ സൊസൈറ്റികളാണ് അതിന് കൂട്ടാക്കാത്തത്. ഇപ്പോൾ എനിക്ക് കിട്ടിയ വിവര മാണിത്. ഒരുപക്ഷേ ഇന്നലെ നിങ്ങൾകൂടി ഇടപെട്ടുകാണും. സഭയിലും പറഞ്ഞു അവരെക്കൂടി അഡ്രെസ് ചെയ്യണം എന്ന്. നാട്ടകം യൂണിറ്റ് ഇന്നലെ മുതൽ എടുക്കാം എന്ന് പറഞ്ഞു. കോട്ടയത്തുംകൂടി മാറ്റങ്ങൾ വന്നാൽ ബ്ളാക്ക് ലിസ്റ്റിൽ പെടുത്തിയിരിക്കുന്ന സൊസൈറ്റികളെ നെല്ലെടുക്കാൻ അനുവദിക്കാം. ചില കാരണങ്ങൾകൊണ്ട് മാറി നിൽക്കുന്ന സൊസൈറ്റികൾ കൂടി നെല്ല് സംഭരിക്കാൻ

തയ്യാറകണം. നെല്ല് സംഭരണം സംബന്ധിച്ച് ഗവൺമെന്റിന് സാധ്യമായിട്ടുള്ള എല്ലാകാര്യങ്ങളും ചെയ്തിട്ടുണ്ട്. 17.8 കോടി രൂപ ഈ വർഷം മാത്രം നെല്ല് സംഭരണത്തിനുവേണ്ടി റിലീസ് ചെയ്തുകഴിഞ്ഞു. ബഡ്ജറ്റിൽ 3.8 കോടി രൂപയേ ഉള്ളു. 14 കോടി രൂപ additional authorisation വഴി ആണ് കൊടുത്തത്. ഈ 14 കോടി രൂപയും ഈ ആറുമാസത്തിനുള്ളിൽ അതായത് ഞാൻ മുഖ്യമന്ത്രിയായി വന്നശേഷമാണ് കൊടുത്തത്. ഇത്രയും സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടും ധനകാര്യവകുപ്പ് നെല്ല് സംഭരണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അഞ്ച് പ്രാവശ്യമായിട്ട് additional authorisation വഴി 14 കോടി രൂപ അധികമായി കൊടുത്തു. ആകെക്കൂടി ഒരു പ്രശ്നം പറയുന്നത്, മറ്റ് കക്ഷിനേതാക്കളുമായി സംസാരിച്ചശേഷം പ്രതിപക്ഷനേതാവ് പറഞ്ഞത്, സൊസൈറ്റികൾ എടുക്കുന്ന നെല്ല് മുഴുവൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുക്കുമെന്ന് ഉറപ്പുനൽകണമെന്നാണ്. പ്രായോഗികമല്ലാത്ത കാര്യങ്ങൾ ഗവൺമെന്റ് സമ്മതിച്ചുകഴിഞ്ഞാൽ നാളെ അത് ബുദ്ധിമുട്ടാവില്ലേ? കഴിഞ്ഞ കുറേ വർഷങ്ങളിലെ കണക്കെടുത്തു നോക്കിയാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് കേരളത്തിൽ വിൽക്കാൻ സാധിക്കുന്നത് 500 ടൺ അരി മാത്രമാണ് എന്നു കാണാൻ കഴിയും. സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുക്കാം, സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി ആക്കികൊടുക്കുന്നതുമുഴുവൻ എഫ്.സി.ഐ. എടുക്കാൻ തയ്യാറായാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുക്കാം എന്നുപറയുന്നു. എഫ്.സി.ഐ.-യോട് അത് ആവശ്യപ്പെട്ടിരിക്കുകയാണ്. എഫ്.സി.ഐ. തരാം എന്നുപറഞ്ഞ പ്രൈസ് നോക്കുമ്പോൾ നമുക്ക് ഭീമമായ നഷ്ടമാണ്. അതുകൊണ്ട് ഭക്ഷ്യ വകുപ്പുമന്ത്രി ഡൽഹിയിൽ പോയി ശ്രീ. ശരത് പവാറിനെക്കണ്ട് അദ്ദേഹത്തിന്റെ മുമ്പിൽ ഈ ആവശ്യം വച്ചു. കേരളത്തിൽ നെല്ല് സംഭരിച്ച് അരിയാക്കിവരുമ്പോൾ അത് എഫ്.സി.ഐ. വാങ്ങുന്ന ഒന്നാംതരം അരിയാക്കി അതിനെ കണക്കാക്കണമെന്നുള്ള ആവശ്യമാണ് സംസ്ഥാന ഗവൺമെന്റ് വച്ചത്. ഇപ്പോൾ എഫ്.സി.ഐ. കേരളത്തിലെ അരിയെടുക്കുകയാണെങ്കിൽ അവർ വിലകുറഞ്ഞ അരിയുടെ ഗണത്തിൽ മാത്രമേ പെടുത്തുന്നുള്ളൂ. പക്ഷേ quality rice ആണ്. അതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഏറ്റവും നല്ല quality rice-ന് കിട്ടുന്ന വില നമുക്ക് കിട്ടണം. മറ്റൊന്ന് പഞ്ചാബിൽ നിന്നും അരി ശേഖരിച്ച് ഇവിടെ ട്രെയിനിൽ കൊണ്ടുവരുമ്പോൾ വരുന്ന ഭീമമായ transporting charge ഉണ്ട്. അതുകൂടി ഈ അരിയുടെ വിലയിൽ കൂട്ടിയാണ് വിൽക്കുന്നത്. അതുകൊണ്ട് അവർക്ക് വലിയ നഷ്ടം വരുന്നില്ല, അതുകൊണ്ട് ഇത് നമ്മൾ കൂട്ടണമെന്നുപറഞ്ഞു. ശ്രീ. ശരത് പവാർ വളരെ അനുഭാവപൂർവ്വം ആ നിർദ്ദേശത്തെ അംഗീകരിക്കുകയും ബന്ധപ്പെട്ട വകുപ്പുകൾക്ക് അത് പരിശോധിച്ചിട്ട് റിപ്പോർട്ട് കൊടുക്കാൻ പറയുകയും ചെയ്തു. അതനുസരിച്ച് ഇന്നലെ ഡൽഹിയിൽ ചർച്ച വച്ചിരുന്നു, അതിന്റെ വിവരം കിട്ടിയില്ല. അത് എത്രയുംവേഗം പ്രായോഗികതലത്തിൽ കൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയുള്ള നെൽക്കർഷകർ നേരിടുന്ന പ്രശ്നത്തിന് പരിഹാരം ഉണ്ടാകണമെങ്കിൽ ആ നിർദ്ദേശം സ്ഥിരമായി നടപ്പിലാക്കുന്ന ഒരു സാഹചര്യം ഉണ്ടായെങ്കിൽ മാത്രമെ മതിയാകുകയുള്ളൂ. അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാണ്. സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. പക്ഷേ എഫ്.സി.ഐ. അരിയെടുക്കുന്നതു സംബന്ധിച്ച് ഒരു തീരുമാനം എടുത്തേ പറ്റൂ. അവർക്കും സന്തോഷമാണ്. പക്ഷേ ഇതിന്റെ വില സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം വേണം. അതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആ ഒരൊറ്റ പോയിന്റാണ് ഇന്നലെ ഒരു തീരുമാനത്തിലെത്തുന്നതിന് തടസ്സമായി നിന്നിട്ടുള്ളത്. അത് ഇന്ന് ഗവൺമെന്റ് സമ്മതിച്ചാൽ ഒരു ബുദ്ധിമുട്ടാകും. പക്ഷേ നാളെയോ അടുത്ത ആഴ്ചയോ അത് ഒരുപക്ഷേ യാഥാർത്ഥ്യമാക്കാൻ സാധിച്ചുവെന്നുവരാം. പക്ഷേ ചെയ്യാൻ പറ്റാത്ത കാര്യം പറഞ്ഞിട്ട് അത് ബുദ്ധിമുട്ടുണ്ടാക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ പറയാത്തത്. അതുകൊണ്ട് തത്വത്തിൽ സംസ്ഥാന ഗവൺമെന്റ് ആ നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന് ഒരു പ്രൊപ്പോസൽ കൊടുത്തുകഴിഞ്ഞിരിക്കുന്നു. ബന്ധപ്പെട്ട മന്ത്രി അതൊരു നല്ല നിർദ്ദേശമായി പറഞ്ഞിരിക്കുകയാണ്. എഫ്.സി.ഐ.-ക്ക് ഒരു പൈസയുടേയും നഷ്ടം വരുന്നില്ല. അവർ ഇന്ന് ചെലവാക്കിക്കൊണ്ടിരിക്കുന്ന തുക നമുക്കു തന്നാൽ ഇത് നടപ്പിലാക്കാൻ സാധിക്കും. അതുമാത്രമാണ് നമ്മുടെ പ്രൊപ്പോസൽ. മറ്റ് നിർദ്ദേശങ്ങളെക്കുറിച്ച് പറയാം. മുഞ്ഞ സംബന്ധിച്ച് ഞാൻ ഇന്നലേയും പറഞ്ഞു. മുഞ്ഞ ബാധിച്ച് നാശനഷ്ടം വന്നവർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള തീരുമാനമെടുത്ത് ഗവൺമെന്റ് order issue ചെയ്തു കഴിഞ്ഞതാണ്. അതുപോലെ വിള ഇൻഷ്വറൻസ് ഒരു കോടി രൂപകൊടുത്തു. ഒരുകോടി എഴുപത്തിനാല് ലക്ഷം രൂപ കൂടി കൊടുക്കാനുണ്ട്. അതും കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ആത്മഹത്യചെയ്ത കൃഷിക്കാരിൽ 39 പേരുടെ കുടുംബത്തിന് 50,000 രൂപവച്ച് കൊടുത്തു. ഗവൺമെന്റിന്റെ കണക്കനുസരിച്ച് 218 പേരാണ് ആത്മഹത്യ ചെയ്തത്. ബാക്കിയുള്ളവർക്കുകൂടി 50,000 രൂപവച്ച് കൊടുക്കാൻ രണ്ടാംതീയതി കൂടിയ ക്യാബിനറ്റ് തീരുമാനിക്കുകയും അതനുസരിച്ച് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്ന കത്തിലെ നാല് കാര്യങ്ങളും ഗവൺമെന്റ് ചെയ്തിട്ടുണ്ട്. അത് നേരത്തേതന്നെ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുള്ളതും ഗവൺമെന്റ് committed ആയിട്ടുള്ളതുമായ കാര്യങ്ങളാണ്. പുതുതായിട്ടുള്ള ഒരു കാര്യവുമല്ല. പക്ഷേ എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്, ഈ ഒരു പ്രശ്നം മാത്രമാണുള്ളത്, അത് പരിഹരിക്കാൻ ഗവൺമെന്റ് സജീവമായി, ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതാണ് കേരളത്തിലെ നെൽക്കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കാനുള്ള ഏക മാർഗ്ഗമെന്ന് ഗവൺമെന്റും വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടി പ്രവർത്തിക്കുകയാണ്. കേരളത്തിന്റെ എല്ലാ കാര്യങ്ങളിലും നമ്മുടെ എം.പി.-മാർ അങ്ങേയറ്റം താത്പര്യമെടുക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് നടത്തുന്ന ഈ ശ്രമത്തിൽ കേന്ദ്ര ഗവൺമെന്റിൽ ഒരു വിജയം കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ നമുക്ക് എം.പി.-മാരെയും കൂട്ടി ഒന്നിച്ച് ശ്രമിക്കാം. അതുകൊണ്ട് പ്രതിപക്ഷനേതാവും മറ്റ് നേതാക്കന്മാരും നടത്തുന്ന നിരാഹാര സമരം അവസാനിപ്പിക്കണമെന്നാണ് ഗവൺമെന്റിനുവേണ്ടി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റിനെക്കൊണ്ട് സാധ്യമായിട്ടുള്ള, സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽനിന്നുകൊണ്ട് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തു. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്നിട്ടും ബഡ്ജറ്റിലുള്ളതിനുപുറമെ 14 കോടി രൂപ ഈ സീസണിൽതന്നെ കൊടുത്തുവെന്നുള്ളത് പ്രതിപക്ഷം കാണാതിരിക്കരുത്. അതുകൊണ്ട് വീണ്ടും വീണ്ടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ നിരാഹാര സമരം അവസാനിപ്പിക്കണമെന്നാണ്. ഈ കാര്യത്തിൽ നമുക്ക് കൂട്ടായി ശ്രമിക്കാം, അതിന് തയ്യാറാകണമെന്നുള്ള അഭ്യർത്ഥനയാണുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ നൽകിയ വിശദീകരണവും നാട്ടിൽ നടക്കുന്ന സംഭവവും തമ്മിൽ യാതൊരു പൊരുത്തവുമില്ല. ബഹുമാന്യനായ പ്രതിപക്ഷ നേതാവ്, സഖാവ് വി. എസ്. അച്ചുതാനന്ദനും കക്ഷിനേതാക്കന്മാരായ ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. സി. കെ. നാണു, ശ്രീ. എ. എ. അസീസ്, ശ്രീ. എ. സി. ഷൺമുഖദാസ്, ഡോ. കെ. സി. ജോസഫ്, ശ്രീ. പി. സി. ജോർജ് എന്നീ ബഹുമാന്യരായ നേതാക്കന്മാരും നിയമസഭാ കവാടത്തിനുമുൻപിൽ അനിശ്ചിതമായി ഇന്നലെ സമരം ആരംഭിച്ചതാണ്. സഖാവ് വി. എസ്., അദ്ദേഹത്തിന്റെ പ്രായംപോലും മറന്നുകൊണ്ട് ഇത്തരമൊരു നിരാഹാര സമരത്തിൽ ഏർപ്പെടേണ്ടിവന്നത് എന്തുകൊണ്ടാണ് എന്നെങ്കിലും ഗവൺമെന്റ് പരിശോധിച്ച് അതിന്റെ ഗൗരവം മനസ്സിലാക്കേണ്ടതായിരുന്നു. ഈ സമരം ഒന്നാം തീയതി ഈ സഭയിൽ പ്രഖ്യാപിച്ചതാണ്. ഇത്രയും ദിവസമുണ്ടായിരുന്നിട്ടും ഇതുസംബന്ധിച്ച് വ്യക്തമായ തീരുമാനമെടുക്കാൻ ഗവൺമെന്റിന് കഴിയാതെ വന്നതാണ് ഈ സമരത്തിനിടയാക്കിയത്. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇന്നലെ പ്രതിപക്ഷത്തുള്ള കക്ഷിനേതാക്കന്മാരും ഗവൺമെന്റും തമ്മിൽ ഒരു ചർച്ച നടന്നുവെന്നുള്ളത് ശരിയാണ്. ആ ചർച്ചയിൽ ചില കാര്യങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വ്യക്തമാക്കുകയുണ്ടായി. ഇന്ന് ഏറ്റവും പ്രധാനമായ പ്രശ്നം ഈ വർഷത്തെ നെല്ല് സംഭരണത്തെ സംബന്ധിച്ചുള്ളതാണ്. അതിന് വ്യക്തമായ തീരുമാനമെടുക്കാൻ ഇന്നലത്തെ യോഗത്തിനു സാധിച്ചിട്ടില്ല. മുഖ്യമന്ത്രി ഇന്നലെ മുതൽ ശേഖരിച്ച നെല്ലുസംഭരണത്തിന്റെ കണക്ക് ഇവിടെ വിശദീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ മുഖേന കർഷകരുടെ നെല്ല് സംഭരിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. എൽ.ഡി.എഫ്. ഭരണകാലത്ത് സഹകരണ സംഘങ്ങൾ നെല്ല്

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിച്ചപ്പോൾ സഹകരണ സംഘങ്ങൾക്ക് ഗവൺമെന്റ് പലിശയില്ലാത്ത വായ്പ കൊടുത്തിരുന്നു. അതുപോലെ അന്ന് നെല്ലു സംഭരിച്ച സന്ദർഭത്തിൽ ഒരു കിലോ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിന് ഒരു രൂപയാണ് ഗവൺമെന്റ് സഹായമായി നൽകിയിരുന്നത്. അതിലൊക്കെ ഇപ്പോൾ ഗവൺമെന്റ് മാറ്റം വരുത്തി. കൈകാര്യ ച്ചെലവ് എന്നുള്ള രീതിയിൽ കൊടുക്കേണ്ടിയിരുന്ന handling charge-ലും കുടിശ്ശിക വരുത്തുകയാണ് ഇപ്പോൾ ചെയ്തത്. Rice mill ഉടമസ്ഥരും ഗവൺമെന്റും തമ്മിൽ ഒത്തുകളി നടത്തിയതിന്റെ ഫലമായിട്ടാണ് ഇത്തരത്തിലുള്ള അവസ്ഥ യഥാർത്ഥ ത്തിൽ ഇവിടെയുണ്ടായിട്ടുള്ളത്. അതിന്റെ ഫലമായി സംഭരണം നാമമാത്രമായിട്ടാണ് നടക്കുന്നത്. ഇന്നലെ യോഗത്തിൽ പറഞ്ഞത് 20,000 ടൺ നെല്ലുമാത്രമേ സംഭരിച്ചി ട്ടുള്ളൂ എന്നാണ്. ഇന്ന് മുഖ്യമന്ത്രി അത് കുറച്ചധികം വർദ്ധിച്ചു എന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ ഇന്ന് കുമ്പാരമായിക്കിടക്കുന്ന നെല്ല് ഇനിയും സംഭരിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ് വസ്തുത. പാലക്കാട് ജില്ലയിൽമാത്രം കഴിഞ്ഞ വർഷം ശേഖരിച്ച 25,000 മെട്രിക് ടൺ നെല്ലിൽ 18,000 മെട്രിക് ടൺ നെല്ല് കെട്ടിക്കിടക്കുകയാണ്. ആ കെട്ടിക്കിടക്കുന്ന നെല്ല് വിറ്റഴിക്കാൻ കഴിയാതെ എങ്ങനെയാണ് ആ സംഘങ്ങൾ പുതുതായി നെല്ലു ശേഖരണം നടത്തുന്നത്? ഇവിടെ നെല്ല് ശേഖരിച്ചാൽ സംഘങ്ങൾക്ക് ഭീമമായ നഷ്ടമാണ് സംഭവിക്കുന്നത് എന്നുള്ളതുകൊണ്ടാണ് നെല്ലുശേഖരണത്തിന് പലരും മടിച്ചുനിൽക്കുന്നത്. കഴിഞ്ഞ വർഷം 5000 ക്വിന്റൽ നെല്ല് സംഭരിച്ച സംഘങ്ങൾക്കും, മട്ട അരി ശേഖരിച്ച ആളുകൾക്കും 5 ലക്ഷം രൂപവീതം നഷ്ടം വന്നിട്ടുണ്ട്. 5000 ക്വിന്റൽ വെള്ള നെല്ല് ശേഖരിച്ചപ്പോൾ 5,40,000 രൂപയാണ് നഷ്ടം. ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ച സംഭരണവിലയനുസരിച്ച് 5000 ക്വിന്റൽ മട്ട നെല്ല് സംഭരിച്ചാൽ 5.5 ലക്ഷം രൂപ നഷ്ടം വരും. വെള്ള നെല്ല് ശേഖരിക്കുന്ന ആളിന് 3.5 ലക്ഷം രൂപ നഷ്ടം വരും. ഇങ്ങനെ നഷ്ടം സഹിച്ചുകൊണ്ട് നെല്ല് സംഭരിക്കുകയും സഹകരണ സംഘങ്ങൾ മുഴുവൻ നഷ്ടത്തിൽ പോവുകയും സഹകരണ സംഘങ്ങൾ പൂട്ടേണ്ടി വരികയും ചെയ്യുന്ന സ്ഥിതി വന്നാൽ ആരാണ് ഇതിന്റെ ഉത്തരവാദിത്വം വഹിക്കുന്നത്? ഇന്നലെയുണ്ടായ ചർച്ച വഴിമുട്ടിനിൽക്കാനുണ്ടായ കാരണം അതാണ്. സംഘങ്ങൾക്കുണ്ടാകുന്ന ഈ നഷ്ടം ഗവൺമെന്റ് ഏറ്റെടുക്കുമോ? ഇതാണ് ഇവിടെയുള്ള തർക്ക പ്രശ്നം. സംഘങ്ങളെ മുഴുവൻ പ്രതിസന്ധിയിലാക്കിയിട്ട് ഗവൺമെന്റ് കൈയുംകെട്ടി നോക്കിനിന്ന് rice mill ഉടമസ്ഥന്മാരെ സഹായിക്കുന്ന ഒരു സമീപനം സ്വീകരിക്കുന്നു എന്നുള്ളതാണ് ഗൗരവതരമായ പ്രശ്നം. ഇപ്പോൾ 7.5 രൂപയ്ക്ക് സംഘങ്ങൾ ശേഖരിക്കുന്ന നെല്ലിന് മാർക്കറ്റിൽ 6 രൂപയ്ക്കു വിൽക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന നഷ്ടം ആര് എറ്റെടുക്കും? അങ്ങനെ നഷ്ടം സംഭവിച്ചാൽ അത് ഗവൺമെന്റ് വഹിക്കുമെന്ന് എന്താണ് ഗവൺമെന്റ് പറയാത്തത്? അതോടൊപ്പംതന്നെ ഇങ്ങനെ നഷ്ടം സംഭവിക്കുന്ന സ്ഥിതിവിശേഷം വന്നാൽ കെട്ടിക്കിടക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കുമെന്ന് എന്തുകൊണ്ട് ഗവൺമെന്റ് പറയുന്നില്ല? ഗവൺമെന്റ് പറയുന്നത് commitment

LIBRARY ARCHIVES Kerala Legislative Assembly

ആയിപ്പോയാൽ ബുദ്ധിമുട്ടുണ്ടാകുമെന്നാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ക്രിസ്തുമസ്സിനും ബക്രീദിനും ഓണത്തിനുമൊക്കെ സ്ക്കൂൾ കുട്ടികൾക്ക് 5 കിലോ അരി കൊടുത്തുകൊണ്ടിരുന്നു. ഈ ഗവൺമെന്റ് അതുമുഴുവൻ നിർത്തലാക്കി. ഈ നെല്ല് സംഭരിക്കുകയാണെങ്കിൽ അത് അരിയാക്കി സ്ക്കൂൾ കുട്ടികൾക്ക് കൊടുക്കുന്ന പദ്ധതി നമുക്ക് നടപ്പിലാക്കാനും നെൽക്കൃഷിക്കാരെ സഹായിക്കാനും സാധിക്കും. കേന്ദ്ര ഗവൺമെന്റിൽ നിന്നും 136 കോടി രൂപ കിട്ടിയില്ലേ? ആ 136 കോടി രൂപ നിങ്ങൾ എന്ത് ചെയ്യാൻ പോകുന്നു? കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് കൊടുത്തിട്ടുള്ള 136 കോടി രൂപയും ശ്രീമതി കെ. ആർ. ഗൗരിയമ്മ പറഞ്ഞപ്രകാരമുള്ള 50 കോടി രൂപയും ചേർത്ത് 186 കോടി രൂപ ഇവർ എന്ത് ചെയ്യാൻ പോകുന്നു? അത് പുഴുങ്ങിത്തിന്നാൻ പോകുകയാണോ? 186 കോടി രൂപ കയ്യിൽ വച്ചുകൊണ്ട്, നെൽക്കൃഷിക്കാരെ സഹായിക്കുവാൻവേണ്ടി, അതിൽ നിന്നും ഒരു വിഹിതം നീക്കി വയ്ക്കാൻ തയ്യാറാകുന്നില്ല. ഇവിടത്തെ യഥാർത്ഥ പ്രശ്നം. ഇവിടെയുള്ള റൈസ് മിൽ ഉടമസ്ഥന്മാരെ സഹായിക്കാൻവേണ്ടിയുള്ള ഗവൺമെന്റിന്റെ ഒത്തു കളിയാണ്. ഈ സംഭരണം പൊളിക്കുന്നതു സ്വകാര്യ മില്ലുടമകളാണ്. നെല്ലിന്റെ വില അവരാണ് നിശ്ചയിക്കുന്നത്. ഗവൺമെന്റിന്റെ തീരുമാനമല്ല. റൈസ് മില്ലുടമസ്ഥന്മാരാണ് ഓരോ വർഷവും നെല്ലിന്റെ വില ഇത്രയാണെന്നു തീരുമാനിക്കുന്നത്. അവരുടെ ദയാദാക്ഷിണ്യത്തിനുമുമ്പിൽ നിസ്സഹായമായി നോക്കി നിൽക്കുന്ന ഒരു സംസ്ഥാനമായി കേരളത്തെ മാറ്റിയില്ലേ? നെൽപ്പാടങ്ങളിൽ കൂമ്പാരമായി നെല്ല് ഉണങ്ങിക്കിടക്കുന്നു. ഇന്നലെ ആലപ്പുഴയിൽ പല സ്ഥലത്തും മഴ പെയ്തു. ആ നെല്ല് മുഴുവൻ മുളച്ചു വരുന്ന ഒരു സ്ഥിതിവിശേഷം അവിടെയുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആ നെൽക്കൂമ്പാരങ്ങൾ അവിടെപ്പോയി നോക്കിയതാണ്. രണ്ട് ദിവസംകൊണ്ട് അത് മുഴുവൻ മുളച്ചുപോകും. നെൽക്കൃഷിക്കാർ ഈ നെൽക്കൂമ്പാരത്തിനു മുമ്പിൽ കാവൽക്കാരായി നിൽക്കേണ്ട അവസ്ഥ വന്നിട്ടും, നിസ്സഹായരായ കർഷകർ ആത്മഹത്യയിലേക്ക് നീങ്ങുമ്പോഴും, അവരെ സഹായിക്കാൻ എന്തുകൊണ്ടാണ് ഗവൺമെന്റ് തയ്യാറാകാത്തത്? പാലക്കാട് കഴിഞ്ഞ ദിവസം മൂന്ന് കർഷകർ ആത്മഹത്യ ചെയ്തു. ഇത്ര ഗുരുതരമായ സ്ഥിതിവിശേഷം വന്നപ്പോഴാണ് പ്രതിപക്ഷനേതാക്കന്മാർ അനിശ്ചിത കാല നിരാഹാര സമരത്തിന് തയ്യാറായത്. നെല്ല് സംഭരിക്കാൻ യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല എന്നുപറഞ്ഞുകൊണ്ട് ഇതിനെ നിസ്സാരവൽക്കരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു, കോട്ടയത്തെ മാർക്സിസ്റ്റുകാരുടെ സംഘടനകളാണ് നെല്ല് എടുക്കാതിരിക്കുന്നതെന്ന്. ഞാൻ അക്കാര്യം അന്വേഷിച്ചു. അങ്ങ് പറഞ്ഞ കുമരകം സംഘം, അലക്സാണ്ടർ എന്നു പറയുന്ന ഒരാൾ പ്രസിഡന്റായിട്ടുള്ള സംഘമാണ്, സി.പി.എം.-ന്റെ സംഘം, കെ. 315. ആ സംഘം കുറച്ചു നെല്ല് ശേഖരിക്കാൻ തുടങ്ങി. നെല്ല് ശേഖരിക്കാത്ത കുമരകത്തുള്ള രണ്ട് സംഘങ്ങളുണ്ട്. അവർക്ക് 15,60,000 രൂപ കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ബാക്കിയാണ്. യു.ഡി.എഫ്.-ന്റെ സംഘം കെ. 1070. ഫിലിപ്പ് സ്ക്കറിയ, കോൺഗ്രസ്സുകാരനല്ലേ? അയാൾ എന്തുകൊണ്ട് നെല്ല് സംഭരിച്ചില്ല? അങ്ങ് എന്തുകൊണ്ട് ഇന്നലെ അതു പറഞ്ഞില്ല? മാർക്സിസ്റ്റുകാരുടെ മേൽ മാത്രം പഴിചാരിക്കൊണ്ട്, കോൺഗ്രസ്സുകാരുടെ സംഘം നെല്ല് ശേഖരിക്കാത്ത കാര്യം വിസ്മരിച്ചില്ലേ? കുമരകത്ത് കെ. 2292, അലക്സ് വാലേരി എന്നു പറയുന്ന ആൾ കോൺഗ്രസ്സ് (ഐ)-ക്കാരനല്ലേ? അദ്ദേഹം പ്രസിഡന്റായിട്ടുള്ള സംഘം നെല്ല് ശേഖരിച്ചില്ലല്ലോ? മാർക്സിസ്റ്റുകാരെ ഇതിന്റെ പേരിൽ രാഷ്ട്രീയമായി കുറ്റപ്പെടുത്താൻ ശ്രമിച്ചില്ലേ? രാജീവ് പാഡി സൊസൈറ്റി കോൺഗ്രസ്സ് (ഐ)-യുടേതല്ലേ? ആ കോൺഗ്രസ്സ് സൊസൈറ്റി ഒരു മണി നെല്ലുപോലും ശേഖരിച്ചില്ലല്ലോ? എന്തുകൊണ്ട് അതു പറഞ്ഞില്ല? കോട്ടയത്തെ നെല്ല് സംഭരണ സംഘമായ ഏറ്റുമാനൂർ സംഘം സെയിൽസ്ടാക്സ് കുടിശ്ശിക വരുത്തി എന്നതിന്റെ പേരിൽ അവർക്കുനേരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. എങ്ങനെ ആ സംഘം നെല്ല് ശേഖരിക്കും? കഴിഞ്ഞ വർഷം പതിനായിരം ക്വിന്റൽ നെല്ല് ശേഖരിച്ച സൊസൈറ്റിയാണ് ഏറ്റുമാനൂർ സംഘം. അതിന്റെ പേരിൽ അവർക്ക് പത്ത് ലക്ഷം രൂപ നഷ്ടമുണ്ടായി. ഗവൺമെന്റ് യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കാതെ എല്ലാ ഉത്തരവാദിത്വവും സഹകരണസംഘത്തെ ഏൽപ്പിച്ചുകൊണ്ട് കയ്യുംകെട്ടി നോക്കിനിൽക്കുകയാണ്. ആ ഒരു മനോഭാവമാണ് നെൽക്കൃഷി മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചത്. സർക്കാരിന് ഒരു ഉത്തരവാദിത്വവുമില്ല എന്നുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇടതുമുന്നണി മന്ത്രിസഭയുടെ കാലത്ത് നെല്ല് സംഭരണത്തിനുവേണ്ടി ശക്തമായ ശ്രമം നടത്തിയിരുന്നു. സഹകരണസംഘങ്ങളെ വിളിച്ചുകൂട്ടി നെല്ല് സംഭരിക്കാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കാൻ എന്തുകൊണ്ട് ഗവൺമെന്റ് ശ്രമിച്ചില്ല? ഇവരുടെ 19 മന്ത്രിമാർ തേരാപ്പാര നടക്കുകയല്ലേ? ഈ 19 മന്ത്രിമാരിൽ ഓരോ മന്ത്രിക്കും ഓരോ ജില്ല കൊടുത്തുകൊണ്ട് നെല്ല് സംഭരണത്തിന് ഒരു ക്രമീകരണം ഉണ്ടാക്കാൻ എന്തുകൊണ്ട് ഗവൺമെന്റിനു കഴിഞ്ഞില്ല? ഇതിന്റെയൊക്കെ ഫലമായിട്ടാണ് പ്രതിപക്ഷനേതാക്കന്മാർക്ക് അനിശ്ചിതകാല നിരാഹാര സമരത്തിലേക്ക് പോകേണ്ടി വന്നത്. ആത്മഹത്യ ചെയ്ത കർഷക കുടുംബത്തിനു കോമ്പൻസേഷൻ കൊടുത്ത കാര്യം ഇവിടെ പറഞ്ഞു. 218 പേർ ആത്മഹത്യ ചെയ്തു എന്നാണ് ഗവൺമെന്റിന്റെ കണക്ക്. 1300 ആളുകൾ മരിച്ചിട്ടുണ്ട്. ശ്രീമതി ഗൗരിയമ്മ പറയുന്നത് മരിച്ചത് കടംകൊണ്ടല്ല എന്നാണ്. കടം കൊണ്ടാണ് മരിച്ചത് എന്നുള്ളതിനു തെളിവില്ല എന്നാണ് പറയുന്നത്. പോലീസിന്റെ ഇൻക്വസ്റ്റ് റിപ്പോർട്ടിൽ കടംകൊണ്ടാണ് മരിച്ചതെന്നു കാണുന്നില്ലപോലും. ഇൻക്വസ്റ്റ് റിപ്പോർട്ട് എന്നു പറഞ്ഞാൽ അറിയില്ലേ? ഒരാൾ മരിച്ചാൽ പോലീസ് നടത്തുന്ന ദേഹപരിശോധനാ റിപ്പോർട്ടാണ്. മരിച്ച ആളുടെ ശരീരത്തിൽ കടം കാണണം എന്നാണ് ഗവൺമെന്റിന്റെ മാനദണ്ഡം. 1300 കൃഷിക്കാർ ആത്മഹത്യ ചെയ്ത കേരളത്തിൽ 218 ആളുകൾ മാത്രമേ മരിച്ചിട്ടുള്ളുവെന്ന കണക്കുണ്ടാക്കി. 218 ആളുകളിൽ 28 പേർക്കു മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

50,000 രൂപ വച്ചു കോമ്പൻസേഷൻ കൊടുത്തത്. മറ്റ് സംസ്ഥാനങ്ങൾ ഒരു ലക്ഷം രൂപയാണ് കൊടുത്തത്. ഒരു ലക്ഷം രൂപ വീതം മരിച്ച കർഷക കുടുംബത്തിനു കൊടുക്കാൻ എന്തുകൊണ്ട് ഗവൺമെന്റ് തയ്യാറായില്ല? അങ്ങനെ കൊടുത്താൽ ത്തന്നെ രണ്ട് കോടിപതിനെട്ടു ലക്ഷം രൂപ മതിയല്ലോ. കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടിയ പണം എന്തുകൊണ്ട് ഈ കൃഷിക്കാർക്കു കൊടുക്കാൻ ഗവൺമെന്റ് തയ്യാറായില്ല? എന്തിനാണ് അതു നിങ്ങളുടെ പോക്കറ്റിൽ സൂക്ഷിക്കുന്നത്? അത് കൃഷിക്കാർക്കു കൊടുത്താൽ പോരെ? 218 പേർക്ക് ഒരു ലക്ഷം രൂപ വീതം കൊടുക്കാൻ തയ്യാറാകുന്നതിനുപകരം ഇപ്പോൾ 28 പേർക്ക് അൻപതിനായിരം രൂപ വീതം കൊടുത്തിട്ട് ബാക്കി പരിഗണിക്കാമെന്നാണ് ഗവൺമെന്റ് പറയുന്നത്. വിളവു നശിച്ച കൃഷിക്കാരുടെ പ്രീമിയം അടയ്ക്കുന്നതിനുപോലും ഒരു നിരാഹാര സമരം വേണമോ? ഗവൺമെന്റിന്റെ ബാദ്ധ്യതയല്ലേ അത്? ആ ബാദ്ധ്യത നിർവ്വഹിക്കുന്നതിനു വേണ്ടി കക്ഷിനേതാക്കന്മാർ നിരാഹാര സമരം നടത്തേണ്ട ഒരു സാഹചര്യം എന്തിന് ഈ ഗവൺമെന്റ് സൃഷ്ടിച്ചു? ഗവൺമെന്റ് സാധാരണ നിലയിൽ ചെയ്യേണ്ട ഒരു കാര്യം, സബ്ജക്ട് കമ്മിറ്റിയിൽ എം.എൽ.എ.-മാർ പറഞ്ഞ കാര്യം, അതുപോലും ചെയ്യാൻ എന്തുകൊണ്ട് ഈ ഗവൺമെന്റ് സന്നദ്ധമായില്ല? മുഞ്ഞ ബാധിച്ച് കൃഷി നശിച്ചവർ, ഓരുവെള്ളം കയറി കൃഷി നശിച്ചവർ എന്നിവർക്ക് മുൻകാലങ്ങളിൽ ഗവൺമെന്റ് കൊടുത്തുവന്ന ധനസഹായം എന്തുകൊണ്ട് ഈ ഗവൺമെന്റ് നിർത്തലാക്കി? കാർഷിക മേഖലയെ പൂർണ്ണമായും അവഗണിച്ചു. കൃഷിക്കാരെന്നു പറഞ്ഞാൽ ഈ സംസ്ഥാനത്തിനു വേണ്ടാത്ത ഒരു വിഭാഗമാക്കി മാറ്റി. അവരുടെ രോദനങ്ങൾ ഈ ഗവൺമെന്റ് കേട്ടില്ല. നെൽക്കർഷകരെ തട്ടിയുണർത്താൻ ഈ സമരം സഹായകമാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കേരളത്തിലെ നെൽക്കൃഷിക്കാരാകെ ഇന്ന് സമരാങ്കണത്തിലേക്ക് ഇറങ്ങിക്കഴിഞ്ഞിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ നയം മാറ്റിക്കാൻ, റൈസ് മിൽ ഉടമസ്ഥരുമായി ചേർന്നുകൊണ്ട് ഗവൺമെന്റ് നടത്തുന്ന കള്ളക്കളി അവസാനിപ്പിക്കാൻ വേണ്ടിയുള്ള സമരമാണ് ഇവിടെ നടക്കുന്നത്. അവർ നിയമസഭാകവാടത്തിൽ അനിശ്ചിതകാല സമരം കിടക്കുന്നു. കേരളത്തിലെ സമാരാദ്ധ്യരായ കക്ഷിനേതാക്കൾ അവിടെ നിരാഹാര സമരം കിടക്കുമ്പോൾ പത്രപ്രതിനിധികൾക്ക് അവിടെ പ്രവേശനമില്ല. ഫോട്ടോഗ്രാഫർമാർക്ക് ആ സത്യാഗ്രഹം കാണാൻ അനുവാദം കൊടുക്കുന്നില്ല. അവർ വരുമ്പോൾ അവരെ തടഞ്ഞുനിർത്തുകയാണ്. അവർ കിടന്നതോടുകൂടി ഈ പരിസരമാകെ ഒരു അപ്രഖ്യാപിത ജയിലായി മാറിയിരിക്കുകയാണ്. ജയിലിൽ കിടക്കുന്നവരെപ്പോലും ജയിൽ സൂപ്രണ്ടിന്റെ അനുവാദത്തോടുകൂടി കാണാൻ അവകാശമുള്ള ഈ രാജ്യത്ത് നിയമസഭാകവാടത്തിനു മുമ്പിൽ അനിശ്ചിതകാല നിരാഹാരസമരം നടത്തുന്ന ശ്രീ. വി എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ള കക്ഷി നേതാക്കന്മാരെ കാണാൻ പത്രപ്രതിനിധികളെ അനുവദിക്കാത്തത് ഈ ഗവൺമെന്റ് ഈ സമരത്തോട് സ്വീകരിക്കുന്ന ഫാസിസ്റ്റ് മനോഭാവത്തിന്റെ പ്രതിഫലനമല്ലേ? മുഖ്യമന്ത്രി ഇന്നലെ ഇവിടെ പറഞ്ഞു അക്രമ സമരത്തെ അടിച്ചമർത്തുമെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് അക്രമ സമരമാണോ? ഗാന്ധിയൻ മോഡലിൽ നടക്കുന്ന, ആർക്കും യാതൊരു പ്രയാസവുമില്ലാത്ത നിരാഹാര സമരം, ആ സമരത്തെ ഉരുക്കുമുഷ്ടി ഉപയോഗിച്ച് അടിച്ചമർത്താമെന്നാണോ ശ്രീ. ഉമ്മൻചാണ്ടി കരുതുന്നത്? നിരാഹാര സമരം നടത്തുന്ന നേതാക്കന്മാരുടെ അടുത്ത് ആളുകളെ പ്രവേശിപ്പിക്കുന്നില്ല. അങ്ങ് ഇക്കാര്യം പുന:പരിശോധിക്കണം. ശ്രീ. എം. വിജയകുമാർ സ്പീക്കർ ആയിരുന്ന കാലത്ത്, ബഹുമാന്യനായ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ഈ നിയമസഭാ കവാടത്തിനുമുന്നിൽ അനിശ്ചിതകാല നിരാഹാര സമരം കിടന്നില്ലേ? ആ സമയത്ത് പത്രക്കാർ മുഴുവൻ അവിടെ വന്നില്ലേ? അവിടെ പത്ര സമ്മേളനം നടത്തിയില്ലേ? പ്രസ്സ് ഫോട്ടോഗ്രാഫർമാർ വന്നില്ലേ? ജനങ്ങൾ വന്നില്ലേ? അത്തരത്തിൽ എല്ലാ ആനുകൂല്യങ്ങളും അനുഭവിച്ചു. പ്രതിപക്ഷം ഭരണപക്ഷമായപ്പോൾ, പ്രതിപക്ഷത്തായിരുന്നപ്പോൾ അവർക്കു കിട്ടിയ ആനുകൂല്യങ്ങൾ ഇപ്പോൾ നിഷേധിക്കാൻ കാരണമെന്താണ്? ഒരു കാര്യം മനസ്സിലാക്കണം. ഇന്നത്തെ ഭരണപക്ഷം എല്ലാ കാലത്തും ഭരണപക്ഷമായിട്ട് ഇരിക്കില്ല. എല്ലാക്കാലത്തും ഭരണപക്ഷമായിട്ട് ഇരിക്കുമെന്നുള്ള ഫാസിസ്റ്റ് സമീപനം നമ്മുടെ സംസ്ഥാനത്തെ എവിടേയ്ക്കാണ് കൊണ്ടുപോകുന്നത്? നിയമസഭാ കവാടത്തിനുമുമ്പിൽ സത്യാഗ്രഹം നടത്തുന്നവരുടെ ഫോട്ടോ പത്രത്തിൽ പ്രസിദ്ധീകരിച്ചാൽ എന്ത് സംഭവിക്കും. ആകാശം ഇടിഞ്ഞു വീഴുമോ? ഈ നിയമസഭ തകർന്നു വീഴുമോ? എന്തിനാണ് മാധ്യമങ്ങൾക്ക് ഈ വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത്? മാധ്യമ സ്വാതന്ത്ര്യത്തിനുനേരെയുള്ള കയ്യേറ്റമാണ് ഇവിടെ ആരംഭിച്ചിരിക്കുന്നത്. ഈ നിരാഹാരസമരം രാജ്യത്തെ ജനങ്ങൾ അറിയരുത്, കേൾക്കരുത്, കാണരുത് എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ പത്രങ്ങളുടെ വായ് മൂടിക്കൊണ്ട് ഈ സമരത്തെ അടിച്ചമർത്താമെന്ന് ഗവൺമെന്റ് വ്യാമോഹിക്കണ്ട. ഞങ്ങൾക്ക് അങ്ങയിൽ വിശ്വാസമുണ്ട്, പ്രതീക്ഷയുണ്ട്. ബഹുമാനപ്പെട്ട

10.00 A.M.] ചെയർ ഇതുസംബന്ധിച്ചുള്ള തീരുമാനം പുന:പരിശോധിക്കണം. ഞങ്ങൾ നിയമസഭാ നടപടിയുമായി അങ്ങേയറ്റം സഹകരിച്ചുകൊണ്ടാണ് ഈ സമരം നടത്തുന്നത്. സഭയ്ക്കകത്ത് എല്ലാ കാര്യങ്ങളിലും ഞങ്ങൾ സഹകരിക്കുന്നു. ക്രിയാത്മകമായ ഒരു പ്രതിപക്ഷമായി ഞങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കില്ലെന്നുള്ളതാണോ ഭരണകക്ഷി സ്വീകരിക്കാൻ പോകുന്ന നിലപാട്? ഞങ്ങൾ നിയമസഭയിലെ നടപടിക്രമങ്ങളുമായി സഹകരിച്ചുകൊണ്ട്, ജനകീയ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട്, അവയ്ക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നു. ഇങ്ങനെ ക്രിയാത്മകമായ ഒരു പ്രതിപക്ഷമായി പ്രവർത്തിക്കുമ്പോൾ നിങ്ങളെ അങ്ങനെയൊന്നും പ്രവർത്തിക്കാൻ അനുവദിക്കില്ല എന്നുപറഞ്ഞാൽ എന്താണ് ചെയ്യേണ്ടത്. നിയമസഭയിൽ നടപടിക്രമങ്ങളെല്ലാം മര്യാദയ്ക്ക് നടത്തിക്കൊണ്ടുപോകാനുള്ള അന്തരീക്ഷം സൃഷ്ടിക്കേണ്ടത് ഗവൺമെന്റാണ്. അതിനുപകരം അവരുടെ ഫോട്ടോപോലും എടുക്കാൻ സമ്മതിക്കില്ല, ഇവിടെ ആരെയും വരാൻ സമ്മതിക്കില്ല. നിങ്ങളുടെ ഫാസിസ്റ്റ് രീതി അടിച്ചമർത്തും എന്നു പറഞ്ഞാൽ എങ്ങിനെയാണ്? പ്രതിപക്ഷ നേതാവ് നിരാഹാരം കിടന്നാൽ ഇതാണ് സ്ഥിതിയെങ്കിൽ നാളെ മറ്റുള്ളവർ നിരാഹാരം കിടന്നാൽ എന്തായിരിക്കും

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥ? ഇങ്ങനെ സഭ നടത്തിക്കൊണ്ടുപോകാമെന്നാണോ ഗവൺമെന്റ് കരുതുന്നത്? ഗവൺമെന്റിന് അങ്ങനെ താൽപ്പര്യമുണ്ടാകാം. പക്ഷേ ബഹുമാനപ്പെട്ട നിയമസഭാസ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അങ്ങനെ പ്രവർത്തിക്കുമെന്ന് ഞാൻ കരുതുന്നില്ല. ഭരണകക്ഷി സ്വീകരിക്കുന്ന നിലപാടിന് അങ്ങ് കൂട്ടുനിൽക്കരുത്. അങ്ങയിൽ ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. ആ പ്രതീക്ഷയ്ക്കനുസരിച്ച് ഉയരാൻ സാധിക്കണം. ഞങ്ങൾ ഇന്നലെ അങ്ങേക്ക് എഴുതിത്തന്നു. അങ്ങയുടെ അനുവാദത്തോടുകൂടി പടമെടുക്കുന്നതിനുപോലും എന്തുകൊണ്ട് അനുവാദം കൊടുക്കുന്നില്ല? ഉരുക്കു മുഷ്ടിയുപയോഗിച്ചുകൊണ്ട് സഭ നടത്താൻ ശ്രമിക്കുകയാണ്. ബഹുമാന്യനായ എം. വിജയകുമാർ സ്പീക്കറായിരുന്ന കാലത്ത് ഈ നിയമസഭാകവാടത്തിൽ ശ്രീ. ഉമ്മൻചാണ്ടി നിരാഹാരം കിടന്നപ്പോൾ പടം പത്രത്തിൽ വന്നു. ടി. വി.-ക്കാർ വന്നു. മറ്റൊരു കാര്യംകൂടി ഞാൻ പറയാം. അന്നത്തെ പ്രതിപക്ഷം വാക്കൗട്ട് ചെയ്യുമ്പോൾ അവിടെ ആ കവാടം തുറന്നുവയ്ക്കാൻ, അതുവഴി കടന്നുപോയി പടമെടുക്കാൻപോലും അനുവാദം കൊടുത്തു. അതൊന്നും വേണമെന്ന് ഞങ്ങൾ പറയുന്നില്ല. ഞങ്ങൾ അതിനുവേണ്ടി നടത്തുന്ന സമരമല്ല. ഒരുകാര്യം ഞങ്ങൾ പറയുന്നു, സാധാരണഗതിയിൽ നിയമസഭയിൽ പ്രതിഷേധത്തിന് അനുവദിക്കേണ്ടുന്ന കാര്യങ്ങൾ അനുവദിക്കണം. ഞങ്ങൾ ചട്ടത്തിന് വിധേയമായി പ്രവർത്തിക്കുന്നുയെന്നുള്ളത് ഞങ്ങളുടെ ദൗർബല്യമായി ഗവൺമെന്റ് കാണുന്നുണ്ടോ? ഒരുകാര്യം ഞാൻ പറയുന്നു, ഇവിടെ 41 എം.എൽ.എ-മാർ മാത്രമേയുള്ളുവെങ്കിലും ഈ 41 പേരേയും അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും ഞങ്ങളുടെ കൂടെയുണ്ടാകും. ജനങ്ങൾ വിചാരിച്ചാൽ നിയമസഭയിൽ ആ കസേരയിൽ അങ്ങ് ഇരിക്കില്ല, ശ്രീ. ഉമ്മൻചാണ്ടി അവിടെ ഇരിക്കാൻ പോകുന്നില്ല. ഇത് കേരളമാണെന്ന് മനസ്സിലാക്കണം. അതുകൊണ്ട് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന സമരം പരിഹരിക്കാൻവേണ്ടിയുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം. പ്രതിപക്ഷം നടത്തുന്ന സമരത്തോട് സ്വീകരിക്കുന്ന ഈ മനോഭാവത്തിൽ മാറ്റം വരുത്തണം. അങ്ങനെ സമൂലമായി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞ പ്രശ്നങ്ങൾ യാഥാർത്ഥ്യവുമായി ബന്ധമുള്ളതല്ല. തൃശ്ശൂരിൽ 720 രൂപ വിലവെച്ച് നെല്ല് എടുക്കാൻ സൊസൈറ്റികളോട് പറഞ്ഞു. സൊസൈറ്റി പറഞ്ഞു 750 രൂപയ്ക്ക് എടുത്തോളാമെന്ന്. അതിന്റെ അർത്ഥമെന്താണ്? 750 രൂപയ്ക്ക് എടുത്താൽ സൊസൈറ്റിക്ക് നഷ്ടം കൂടാതെ മുന്നോട്ടുപോകാൻ സാധിക്കുമെന്നുതന്നെയാണ്. ഇന്ന് സഹകരണസംഘങ്ങളെല്ലാം സജീവമായി രംഗത്തുണ്ട്. പാലക്കാട് 21 സഹകരണസംഘങ്ങളും 6 പാടശേഖരങ്ങളും നെല്ല് എടുത്തുതുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: പാലക്കാട് ഗോഡൗണുകളിൽ നെല്ല് കെട്ടിക്കിടക്കുകയാണ്. ഒരുലക്ഷത്തി എൺപതിനായിരം ടൺ നെല്ല് കൂട്ടിയിട്ടിരിക്കുന്ന സമയത്താണ് മൂവായിരം ടൺ സംഭരിച്ചു എന്ന് പറയുന്നത്. പിന്നെ ബാക്കി നെല്ല് ആരാണ് സംഭരിക്കാൻ പോകുന്നത്?

ശ്രീ. ഉമ്മൻചാണ്ടി: അങ്ങ് പാലക്കാട് നിന്ന് വരുന്ന ഒരു ജനപ്രതിനിധിയാണ്. ഒരുലക്ഷത്തി എൺപതിനായിരം കിന്റലാണ്.....(ബഹളം).....

മി. സ്പീക്കർ: പ്ളീസ് ശ്രീ. ബാലൻ.....അങ്ങനെ പറയാൻ പറ്റില്ല..... ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. അങ്ങ് പാർലമെന്റിൽ പോയിട്ടുള്ള മെമ്പറാണ്.

ശ്രീ. ഉമ്മൻചാണ്ടി: ഓരോ സൊസൈറ്റിയിലുമുള്ള കണക്ക് എന്റെ കൈയിലുണ്ട്. ഒരു ലക്ഷത്തിഎൺപതിനായിരം കിന്റൽ എന്നുപറയുന്നത് 18,000 ടൺ ആണ്. സഹകരണസംഘങ്ങൾ എടുക്കാൻ തയ്യാറാണ്. അവർ ആകെക്കൂടി പറഞ്ഞ ഒരു പ്രശ്നം ഞങ്ങൾക്ക് കുടിശ്ശിക കിട്ടണം എന്നുള്ളതാണ്. കുടിശ്ശിക കിട്ടിയാൽ നമ്മൾ എടുക്കാമെന്ന് പറഞ്ഞു. ആ കുടിശ്ശിക മുഴുവൻ കൊടുത്തു. 17.8 കോടി രൂപയാണ് കുടിശ്ശിക. 14 കോടി രൂപയാണ് ഈ ആറ് മാസത്തിനിടയിൽ കൊടുത്തിരിക്കുന്നത്, ബഡ്ജറ്റ് വിഹിതത്തിനു പുറമേ കൊടുത്തതാണ്. അപ്പോൾ പറഞ്ഞു പാലക്കാട് നെല്ല് കെട്ടിക്കിടക്കുന്നുയെന്ന് ഞാൻതന്നെ പാലക്കാട് പോയി. അവിടത്തെ സഹകരണ സംഘങ്ങളുമായും ജില്ലാ ബാങ്ക് പ്രസിഡന്റുമാരുമായും സംസാരിച്ചു. അവർക്കൊക്കെ 40 പൈസവെച്ച് കൊടുക്കാമെന്ന് പറഞ്ഞു. അവർ അത് സമ്മതിച്ചു. അതനുസരിച്ച് 72 ലക്ഷം രൂപ കൊടുത്തു കഴിഞ്ഞു. ഇപ്പോൾ അവർ പറയുന്ന ഒരു കാര്യം ഞങ്ങൾ നെല്ല് എടുത്ത് വിറ്റുപോകുന്നില്ലെങ്കിൽ, സ്റ്റോക്ക് ചെയ്യേണ്ടി വന്നാൽ ഞങ്ങൾക്ക് സഹകരണ ബാങ്കിൽനിന്ന് പണം കടംതരണമെന്നാണ്. സഹകരണ വകുപ്പുമന്ത്രി അത് സമ്മതിക്കുകയും അതുസംബന്ധിച്ചുള്ള ഡയറക്ഷൻ കൊടുക്കുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽ ഒരു തടസ്സവുംകൂടാതെ പോകുന്നു. 25,000 ടൺ നെല്ല് കഴിഞ്ഞ പ്രാവശ്യമെടുത്ത സ്ഥാനത്ത് 15,000 ടൺ ഇന്നലെവരെ എടുത്തുകഴിഞ്ഞു. പാലക്കാട് കെട്ടിക്കിടക്കുന്ന നെല്ലിന്റെ പ്രശ്നമുള്ളതുകൊണ്ട് അവിടെ തുടങ്ങിയത് അൽപം വൈകിയാണ്. അവിടെ രണ്ട് ദിവസംകൊണ്ട് മൂവായിരം ടൺ നെല്ല് സംഭരിച്ചു. ഇനിയുള്ള ദിവസങ്ങളിൽ 27 ഏജൻസികൾ എടുത്തു തുടങ്ങിയിട്ടുണ്ട്. 21 സൊസൈറ്റിയും ആറ് പാടശേഖരവും.....

ശ്രീ. മത്തായി ചാക്കോ: മാതൃഭൂമി പത്രത്തിൽ വായിച്ചോ അവിടെ നെല്ല് വെള്ളത്തിൽ കിടക്കുകയാണ്.....(ബഹളം).....

മി. സ്പീക്കർ: പ്ളീസ്.....പ്ളീസ്.....(ബഹളം).....

ശ്രീ. ഉമ്മൻചാണ്ടി: ഇവിടെ ബഹളംവെച്ചതുകൊണ്ടൊന്നും കാര്യമില്ല. ആലപ്പുഴയിൽ 71 ഏജൻസികൾക്ക് നെല്ല് സംഭരിക്കാൻ അനുവാദം കൊടുത്തു. നിരാഹാരമിരിക്കുന്ന ഡോ. കെ. സി. ജോസഫിന്റെ സൊസൈറ്റിയടക്കം 41 സൊസൈറ്റി ഇപ്പോൾ നെല്ല് എടുക്കുന്നുണ്ട്. 15,000 ടൺ എടുത്തു കഴിഞ്ഞു. 21,000 ടൺ നെല്ലാണ് കഴിഞ്ഞ വർഷം ഈ സീസണിൽ എടുത്തത്. കോട്ടയത്തെ നെല്ല് സംഭരണത്തിൽ മാത്രമാണ് ഇന്ന് ഗവൺമെന്റിന് അതൃപ്തിയുള്ളത്. അവിടെ സൊസൈറ്റികൾ നെല്ല് എടുക്കുന്നില്ല. അവർ എടുക്കുന്നു എന്ന് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇന്ന് പറഞ്ഞു കഴിഞ്ഞു. അത് ഒരുപക്ഷേ നിങ്ങളുടെ കൂടി ഇടപെടൽ ആകാം എന്നാണ് എന്റെ വിശ്വാസം. ഏതായാലും വളരെ നന്ദി. മൂന്ന് സൊസൈറ്റികളുടെ പേര് അങ്ങ് ഇവിടെ പറഞ്ഞു. കാരണം ആ മൂന്ന് സൊസൈറ്റികളേയും ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിരിക്കുകയാണ്. സാങ്കേതികമായ കാരണങ്ങൾകൊണ്ട് മൂന്ന് സൊസൈറ്റികളെ ഒഴിവാക്കിയതാണ്. അതിന്റെ ഫയൽ കൊണ്ടുവരാൻ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം കാര്യമായിട്ടുതന്നെ എടുത്തതാണ്. പക്ഷേ ജില്ലാ കളക്ടർ പറഞ്ഞ ഡേറ്റിന് മുൻപ് എടുത്തു എന്നൊക്കെയുള്ള സാങ്കേതിക കാരണങ്ങളാൽ ബ്ലാക്ക് ലിസ്റ്റിൽ കിടക്കുന്നതുകൊണ്ടാണ് അവർക്ക് രൂപ കൊടുക്കാത്തത്. അവർ നെല്ല് എടുക്കാൻ തയ്യാറാണ്. നിരന്തരമായി അവർ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾ കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഏറ്റുമാനൂർ സൊസൈറ്റിയിൽ ടാക്സിന്റെ പ്രശ്നം ഉണ്ട്. അതിനും ഞങ്ങൾ പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയാണ്. കോട്ടയത്ത് നെല്ല് സംഭരണം തൃപ്തികരമായി കൊണ്ടുവരാൻ സാധിക്കും എന്നാണ് എന്റെ വിശ്വാസം. അങ്ങ് പറഞ്ഞു ഈ ഗവൺമെന്റ് ആത്മാർത്ഥത കാട്ടുന്നില്ല എന്ന്. നിങ്ങളുടെ കാലത്ത് ഹാന്റ്ലിംഗ് ചാർജ് 60 പൈസയാണ് കൊടുത്തിരുന്നത്. ഇന്ന് 60 പൈസയുടെ സ്ഥാനത്ത് 95 പൈസയാണ് ഹാന്റ്ലിംഗ് ചാർജായി കൊടുക്കുന്നത്. ഹാന്റ്ലിംഗ് ചാർജ് 95 പൈസയായി കിട്ടുന്നതിൽ സൊസൈറ്റികൾ വളരെ തൃപ്തരാണ്. ഈ നെല്ല് സംഭരണം തുടങ്ങിയ അന്നുമുതൽ ഈ ഗവൺമെന്റ് വരുന്നതുവരെ നെല്ല് സംഭരണത്തിന്റെ ഹാന്റ്ലിംഗ് ചാർജ് ഭീമമായിരുന്നു. നിങ്ങൾ അധികാരം വിട്ടുപോകുന്ന സമയത്ത് 15 കോടി രൂപയാണ് കുടിശ്ശിക ഉണ്ടായിരുന്നത് ഇന്ന്. ആ കുടിശ്ശിക മുഴുവൻ തീർത്തു. ഇന്ന് നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഹാന്റ്ലിംഗ് ചാർജിൽ ഒരു കുടിശ്ശികയും ഇല്ലാതാകുന്ന സ്ഥിതി ഉണ്ടാകുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: ഈ സഹകരണസംഘങ്ങൾ സംഭരിച്ച നെല്ല് നഷ്ടത്തിൽ വിൽക്കേണ്ടിവന്നാൽ അതിനെ എങ്ങനെ മറികടക്കാൻ കഴിയും എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. സർ, ഇവിടെ വിശദീകരിക്കുമ്പോൾ ലാഭത്തിൽ വിൽക്കാൻ കഴിയും എന്ന നിലയിൽ തൃശൂർ ജില്ലയിൽ 750 രൂപയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

നെല്ല് എടുക്കാൻ തുടങ്ങി എന്ന് പറഞ്ഞു. കഴിഞ്ഞ വർഷം 830 രൂപയ്ക്ക് നെല്ല് എടുത്ത പാലക്കാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ ഇപ്പോൾ നെല്ല് വിൽക്കാൻ പോവുകയാണ്. ഞാൻ ഇന്നലെ അവിടെ വിളിച്ച് ചോദിച്ചതാണ്. ആലത്തൂർ സഹകരണ ബാങ്കിൽ 830 രൂപയ്ക്ക് എടുത്ത നെല്ല് 765 രൂപയ്ക്ക് ഓപ്പൺ മാർക്കറ്റിൽ സ്വകാര്യ വ്യക്തികൾക്ക് വിൽക്കുകയാണ്. 15 ലക്ഷത്തോളം രൂപ ഈ സഹകരണ സ്ഥാപനത്തിന് നഷ്ടം വരും എന്നാണ് ആ സഹകരണ സ്ഥാപനത്തിലെ ബാങ്കിന്റെ സെക്രട്ടറി എന്നോട് പറഞ്ഞത്. ആ നിലയിൽ തന്നെയുള്ള ഒരു സാഹചര്യം നാളെ വന്നുകൂടായ്കയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തുപറഞ്ഞാലും ശരി അത് വലിയ ഒരു പ്രശ്നം തന്നെയാണ്. മുഖ്യമന്ത്രി ഇതിന് മറുപടി പറയണം.

ശ്രീ. ഉമ്മൻചാണ്ടി: സൊസൈറ്റികൾക്ക് ഇല്ലാത്ത പ്രശ്നം നിങ്ങൾ ഉണ്ടാക്കരുത്. മാർക്കറ്റ് ഇന്റർവെൻഷൻ ഈ കാലഘട്ടത്തിൽ അനിവാര്യമായ ഒരു ഘടകമാണ്. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും കാലത്ത് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് മാർക്കറ്റ് ഇന്റർവെൻഷൻ വളരെ അത്യാവശ്യമായ ഒരു ഘടകമാണ്. നിങ്ങൾ പറയുന്ന പ്രൊപ്പോസൽ അംഗീകരിച്ചാൽ മാർക്കറ്റ് ഇന്റർവെൻഷന്റെ കടയ്ക്കൽ കത്തിവയ്ക്കൽ ആയിരിക്കും ഫലം. കാരണം, ഇതിന്റെ മുഴുവൻ നഷ്ടവും ഗവൺമെന്റ് വഹിക്കണം. എന്ന് പറഞ്ഞാൽ മാർക്കറ്റ് ഇന്റർവെൻഷൻ സാദ്ധ്യമല്ലാതെവരും. അതുകൊണ്ട് നമുക്ക് ഇതിനകത്ത് ഫ്ളെക്സിബിൾ ആയിട്ടുള്ള ഒരു സമീപനം വേണം. പാലക്കാട് ബുദ്ധിമുട്ട് വന്നപ്പോൾ എന്ത് ഉറപ്പുണ്ടായിട്ടാണ് അവിടെ പോയി 72 ലക്ഷം രൂപ സൊസൈറ്റിക്ക് കൊടുക്കാൻ തീരുമാനിച്ചത്? (ബഹളം.....) അതുകൊണ്ട് മാർക്കറ്റ് ഇന്റർവെൻഷൻ ഇവിടെ അനിവാര്യമാണ്. ഇത് നമുക്ക് സുഗമമായി മുന്നോട്ട് കൊണ്ടുപോകണം. ഇപ്പോൾത്തന്നെ കുരുമുളകിനും അടയ്ക്കയ്ക്കും മാർക്കറ്റ് ഇന്റർവെൻഷനാണ്. ഇപ്പോൾ വോറൊരു സ്കീം കൊണ്ടുവന്നിട്ടുണ്ട്. നമുക്ക് പല രീതിയിലും ഇത് അനിവാര്യമാണ്. നിങ്ങൾ പറഞ്ഞതുപോലെയുള്ള ഈ പ്രൊപ്പോസൽ ഇവിടെ കൊണ്ടുവന്നാൽ ബുദ്ധിമുട്ടാണ്. ബഹുമാനപ്പെട്ട സഭയെ ഒരു കാര്യം കൂടി അറിയിക്കാനുണ്ട്. കഴിഞ്ഞ വർഷം മൊത്തം ഇവിടെ സംഭരിച്ച നെല്ല് 85,616 മെട്രിക് ടൺ ആണ്. ഈ വർഷം ഫസ്റ്റ് പ്രൊക്യുവർമെന്റിൽത്തന്നെ 89961 മെട്രിക് ടൺ സംഭരിച്ചുകഴിഞ്ഞു. അതിനു പുറമേയാണ് 22,000 ടൺ സംഭരിച്ച് കഴിഞ്ഞിട്ടുള്ളത്. (ബഹളം.....) ഈ പറയുന്നതിന്റെ വ്യത്യാസം നിങ്ങൾ മനസ്സിലാക്കണം. പുഞ്ചക്കൃഷിയിലാണ് 22,000 ടൺ. 89,961 മെട്രിക്ടൺ ആദ്യത്തെ കൃഷിക്ക്തന്നെ സംഭരിച്ചു. നിങ്ങൾ കാര്യം മനസ്സിലാക്കണം. നേതാവ് ശവക്കുഴി കണ്ട് ചാടിയതുപോലെ ചാടരുത്. (ബഹളം.....) മാർക്കറ്റ് ഇന്റർവെൻഷന്റെ കാര്യത്തിൽ എല്ലാ ഗവൺമെന്റും സ്വീകരിച്ച നയംതന്നെയാണ് ഈ ഗവൺമെന്റും സ്വീകരിച്ചുപോരുന്നത്. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട. പിന്നെ ഒരുകാര്യം ഞാൻ പറയാം. നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഇതുവരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ വച്ചുനോക്കിയാൽ ഇവിടെ ഒരു സമരത്തിന്റെ ആവശ്യമില്ല. മറ്റു രാഷ്ട്രീയ കാരണങ്ങൾ ഉണ്ടെങ്കിൽ നിങ്ങൾക്ക് സമരമാകാം. ഈ സമരം അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുകയാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

മി. സ്പീക്കർ: അതേസമയം ഗൗരവത്തോടുകൂടിയ ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. നമ്മുടെ പ്രതിപക്ഷനേതാവ് അടക്കം പ്രധാനപ്പെട്ട നേതാക്കൻമാർ ഒക്കെ ഈ സമരപാതയിലാണ് എന്ന യാഥാർത്ഥ്യം നമുക്ക് മറക്കാൻ കഴിയില്ല. പരസ്പരം ഇവിടെ ചർച്ച ചെയ്തുകൊണ്ട് സമരം അവസാനിപ്പിക്കാം. അതുകൊണ്ട് കക്ഷി നേതാക്കൻമാർ വീണ്ടും ഇതിനെപ്പറ്റി ചർച്ച നടത്തി, പരസ്പരം മനസ്സിലാക്കി, പ്രായോഗികമായി പരിഹാരം കാണണം എന്നാണ് ചെയറിന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഇന്നലേയും ഇതു സംബന്ധിച്ച് ഞങ്ങൾ ചർച്ച ചെയ്തു. നെല്ല് സംഭരണത്തെ സംബന്ധിച്ചുള്ള ഏത് പ്രായോഗിക നിർദ്ദേശവും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. രാഷ്ട്രീയമായ കാരണങ്ങളാണെങ്കിൽ ഗവൺമെന്റിന് സാദ്ധ്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയുണ്ടായി. ചെയറിന്റെ തീരുമാനത്തെ ഞാൻ ചോദ്യം ചെയ്യുകയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് മാർക്കറ്റ് ഇന്റർവെൻഷൻ ഒരുപക്ഷേ ഇല്ലാതായാൽ മാർക്കറ്റ് ഇടപെടൽ ഇല്ലാതാകും എന്നാണ്. ഇത് ശരിയല്ല. മാർക്കറ്റിൽ ഇടപെടുന്നതിനുവേണ്ടിയുള്ള ഉത്തരവാദിത്വം ഗവൺമെന്റാണ് വഹിക്കേണ്ടത്. അപ്പോൾ സഹകരണ സംഘങ്ങളെ ഏൽപ്പിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നമാണ് ഞങ്ങൾ പറയുന്നത്. ഞാൻ നേരത്തെ പറഞ്ഞു, 5,000 കിന്റൽ നെല്ല് സംഭരിക്കുമ്പോൾ ഒരു സംഘത്തിന് അഞ്ചര ലക്ഷം രൂപ വച്ച് വരുന്നു. അതിനുള്ള പരിഹാരത്തെ സംബന്ധിച്ച് ഒരു വാചകം പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായിട്ടില്ല. ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും മാറിനിൽക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷന് മറ്റു സംസ്ഥാനങ്ങളിൽ പോയി അരി ശേഖരിച്ചാൽ അവിടെനിന്നും കമ്മീഷൻ കിട്ടും എന്നുള്ളതുകൊണ്ടാണ്. ആ കമ്മീഷൻ ഇടപാട് നടത്തുന്നതിനു വേണ്ടിയാണ്. റൈസ് മിൽ ഉടമസ്ഥൻമാരുമായി ചേർന്നുകൊണ്ട് നടത്തുന്ന കള്ളക്കളിക്ക് ഈ ഗവൺമെന്റ് കൂട്ടുനിൽക്കുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായിട്ടാണ് ഇത് ചെയ്യാത്തത്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നെല്ലിന്റെ കാര്യം പറയുമ്പോൾ പുഷ്പഗിരിയുടെ കാര്യമാണ് പറയുന്നത്. മുഖ്യമന്ത്രിക്ക് പുഷ്പഗിരിയുമായിട്ടുള്ള ബന്ധമൊക്കെ ഞങ്ങൾക്കറിയാം, അതിപ്പോൾ പറയുന്നില്ല.. ഇത്തരത്തിലുള്ള കാര്യങ്ങൾ പറഞ്ഞ് യഥാർത്ഥ പ്രശ്നത്തിൽ നിന്നും ശ്രദ്ധ തിരിച്ചുവിടാനുള്ള അടവാണ് മുഖ്യമന്ത്രി ഇവിടെ പ്രയോഗിച്ചത്. ഇവിടെ ഒരു കാര്യത്തിൽ അദ്ദേഹം മൗനം പാലിച്ചു, ഈ സമരത്തോട് സ്വീകരിക്കുന്ന സമീപനത്തിൽ മാധ്യമ പ്രവർത്തകർക്ക് എന്തിന് വിലക്ക് ഏർപ്പെടുത്തി, ഫോട്ടോഗ്രാഫർമാർക്ക് എന്തിന് വിലക്ക് ഏർപ്പെടുത്തി. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് അത് ചെയ്തത്. അതിനെപ്പറ്റി എന്താണ് മുഖ്യമന്ത്രി ഒന്നും പറയാത്തത്? ഇവിടെ മുഖ്യമന്ത്രി അതിനെ സംബന്ധിച്ച് മൗനം പാലിക്കുന്നതുകൊണ്ടും ഗവൺമെന്റ് സ്വീകരിക്കുന്ന ഈ സമീപനത്തിൽ ഒരു മാറ്റവും വരുത്തുന്നില്ല എന്നുള്ളതുകൊണ്ടും ബഹുമാന്യനായ സ്പീക്കർ ഇതിനെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല, സ്പീക്കർക്ക് ഇതിൽ ഉത്തരവാദിത്വം ഉണ്ട്.

മി. സ്പീക്കർ: സ്പീക്കറെ സംബന്ധിച്ച് പറയാം, നിയമസഭാ ചട്ടങ്ങളും കീഴ്വഴക്കങ്ങളും അനുസരിച്ച് സഭ സമരവേദിയാകുന്നത് ഒരു നല്ല പ്രവണതയാണെന്ന് എനിക്ക് അഭിപ്രായമില്ല. നിയമസഭയ്ക്കകത്ത് ചർച്ചകളും ഡയലോഗുകളും കൊണ്ട് പ്രശ്നങ്ങൾ തീർക്കുക എന്നുള്ളതല്ലാതെ ഡെമോൺസ്ട്രേഷൻ നിയമസഭയുടെ premises-ന്റെ പുറത്തു നടത്തുക എന്നുള്ളതാണ് ജനാധിപത്യത്തിന്റെ ആരോഗ്യപരമായ ഒരു കീഴ്വഴക്കം. ഇത് എന്റെ വ്യക്തിപരമായ അഭിപ്രായമല്ല. ജനാധിപത്യത്തിൽ ഇന്നത്തെ ഭരണകക്ഷി നാളെ പ്രതിപക്ഷമാകാം. ഇന്നത്തെ പ്രതിപക്ഷം നാളത്തെ ഭരണകക്ഷിയാകാം. പക്ഷെ ഒരു സ്മൂത്ത് ഫങ്ഷനിംഗിന് അതാണ് നല്ലത്. അതുകൊണ്ട് പൊതുവേ അങ്ങനെ ഒരു സ്ഥിതി ഇവിടെ നിന്നു, കഴിഞ്ഞ കാലഘട്ടത്തിലും പൊതുവേ അങ്ങനെയാണെന്നുള്ളതുകൊണ്ടാണ് അങ്ങനെ ഒരു നടപടി സ്വീകരിക്കാൻ ഇടവന്നത്. പിന്നെ ഒരു മാറ്റം വരുത്തിയാൽ വ്യക്തിപരമായി എന്റെ മനസ്സാക്ഷിയനുസരിച്ച് അത് നല്ലതാണെന്ന് എനിക്ക് അഭിപ്രായമില്ല. ഞാൻ ഇന്നലെ ബി.എ.സി. മീറ്റിംഗിൽ പ്രതിപക്ഷ നേതാവടക്കമുള്ള എല്ലാ നേതാക്കളോടും ഈ അഭിപ്രായം പറഞ്ഞു. ഞാൻ ഒരു ഏകാധിപതിയൊന്നും ആകാൻ ഉദ്ദേശിക്കുന്നില്ല. നിങ്ങളുടെ പ്രതിനിധിയാണ് ഞാൻ. നിങ്ങളുടെ വോയ്സാണ് എന്റെ വോയിസ്. നമുക്ക് അതിനെപ്പറ്റി ആലോചിക്കാം, പരിഗണിക്കാം. പക്ഷെ നമ്മൾ രണ്ടുകൂട്ടരും ആലോചിക്കേണ്ട ഒരു കാര്യം, നിയമസഭ ഒരു സമരവേദിയാക്കി മാറ്റുന്നത് നല്ലതല്ല എന്നതാണ് എന്റെ അഭിപ്രായം. (.....ബഹളം.....)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ നിയമസഭ സമരവേദിയാക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടാണ് ഇത് കഴിയുന്നത്ര ഒഴിവാക്കണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇത്രയെല്ലാം പ്രശ്നമുണ്ടായിട്ടും ചട്ടങ്ങളുമായി സഹകരിച്ചുപോകുന്ന സമീപനം തന്നെയാണ് ഞങ്ങൾ ഇപ്പോഴും സ്വീകരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് അവസാനം പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുന്നു. അതുസംബന്ധിച്ച് അങ്ങ് കാര്യങ്ങൾ പുനഃപരിശോധിക്കണം. ഗവൺമെന്റ് ഈ സമരത്തോട് സ്വീകരിക്കുന്ന സമീപനം അത്യന്തം പ്രതിഷേധാർഹമാണ്, ഇത് തീർക്കുന്നതിന് ഒട്ടും സഹായകരമല്ല. അതുകൊണ്ട് ഈ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, മറ്റു നേതാക്കൻമാർ എല്ലാവരും ഈ സഭാ കവാടത്തിനു പുറത്ത് നിരാഹാരസമരത്തിലാണ്. തികച്ചും ഈ സന്ദർഭം അസാധാരണമാണ്. ഈ സഭ മാത്രമല്ല, ജനങ്ങൾ സ്നേഹിക്കുന്ന നേതാക്കളാണ് അവർ. ആ നേതാക്കൻമാരുടെ എല്ലാവരുടെയും ആരോഗ്യത്തിന്, ജീവന് എല്ലാം അങ്ങേയറ്റം പ്രാധാന്യമുണ്ട്. അത്തരം ഒരു വിഷയം അടിയന്തിര പ്രമേയമായി വരുമ്പോൾ, സഭാ നടപടികൾ നിർത്തിവച്ച് ചർച്ചയ്ക്കുവേണ്ടി ആവശ്യപ്പെടുമ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ചെയറും കാണിച്ച സമീപനം കുറ്റകരമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. തന്റെ പ്രസംഗത്തിന്റെ ആദ്യഭാഗത്ത് മുഖ്യമന്ത്രി ആവർത്തിച്ച് ആവർത്തിച്ച് പറഞ്ഞു എനിക്ക് യാതൊരു anxiety-യും ഇല്ല എന്ന്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): ഒരൊറ്റ സൊസൈറ്റിയും നഷ്ടം വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല, നിങ്ങളുടെ ആവശ്യമാണ്. ഞങ്ങൾക്ക് നഷ്ടം നികത്തി തന്നാലേ ഞങ്ങൾ നെല്ല് എടുക്കൂ എന്ന് ഒരു സൊസൈറ്റിപോലും ആവശ്യപ്പെട്ടിട്ടില്ല. പാലക്കാട് സൊസൈറ്റികൾ എഗ്രി ചെയ്തതാണ്, 40 പൈസ . . . . . ഇതു രണ്ടും വന്നതിനു ശേഷം സൊസൈറ്റികൾക്ക് നഷ്ടം നികത്തി കൊടുത്തേ അടങ്ങൂ എന്നുപറയുന്നത് നടക്കാത്ത കാര്യമാണ്. ആ നടക്കാത്ത കാര്യം പറഞ്ഞുകൊണ്ടു സമരം നടത്തണോ?

മി. സ്പീക്കർ: വാക്കൗട്ട് നടത്താനുള്ള പ്രസംഗമാണ്, പ്ലീസ്.

ശ്രീ. ബിനോയ് വിശ്വം: സൊസൈറ്റികൾ ആവശ്യപ്പെടാത്തതു കൊണ്ടാണ് നഷ്ടം കൊടുക്കാത്തത് എങ്കിൽ ഞങ്ങൾ ഗവൺമെന്റിനോട് പറയുന്നു, സൊസൈറ്റികൾ ഇന്ന് ഉച്ചയ്ക്ക് ആവശ്യപ്പെടാം, നഷ്ടം കൊടുക്കാമെന്ന് ഗവൺമെന്റ് പറഞ്ഞാൽ മതി. സമരം ഞങ്ങൾ തീർക്കാം. പക്ഷേ അതിനുള്ള തയ്യാറെടുപ്പ് ഉണ്ടോ എന്നുള്ള കാര്യം ഗവൺമെന്റാണ് പറയേണ്ടത്. ഇവിടത്തെ പ്രശ്നം anxiety ഇല്ല എന്ന്- മുഖ്യമന്ത്രി വീണ്ടും വീണ്ടും പറയുന്നതാണ്. അതിൽ എനിക്ക് അൽഭുതം ഉണ്ടാകുകയാണ്. ഈ സഭയിലെ പ്രതിപക്ഷ നേതാക്കൻമാർ

നിരാഹാരം കിടക്കുമ്പോൾ എനിക്ക് anxiety ഇല്ല എന്ന് പറയുന്നത് ഒരു മുഖ്യമന്ത്രിക്ക് ഭൂഷണമാണെങ്കിൽ ഞാൻ സംശയിക്കുന്നത് ഈ മുഖ്യമന്ത്രി ജനാധിപത്യ മൂല്യങ്ങളുടെ പ്രാഥമിക പാഠങ്ങൾ പോലും മറന്നുപോയി എന്നാണ്. അദ്ദേഹം മാർക്കറ്റ് ഇന്റർവെൻഷനെപ്പറ്റി പറയുകയുണ്ടായി. ഗ്ലോബലൈസേഷന്റെ ഈ യുഗത്തിൽ മാർക്കറ്റ് ഇന്റർവെൻഷനിൽ ഇടപെടാനുള്ള സാദ്ധ്യതയെപ്പറ്റിത്തന്നെ പറയുകയുണ്ടായി. ഞാൻ ഈ വൈകിയ വേളയിലെങ്കിലും അതിനെപ്പറ്റി പറയുന്ന മുഖ്യമന്ത്രിയുടെ ആ നിലപാടിനെ മാനിക്കാം, പക്ഷെ ഒരു പ്രശ്നമുണ്ട്. How can we intervene? മാർക്കറ്റ് ഇന്റർവെൻഷനിൽ ഇടപെടാനുള്ള ശേഷി കാണിക്കേണ്ടത് ഗവൺമെന്റാണ്. അത് കാണിക്കാൻ ഗവൺമെന്റ് മടിക്കുമ്പോൾ സൊസൈറ്റികൾ അതിന് തയ്യാറാകുന്നു. അങ്ങനെ ചെയ്യുമ്പോൾ ഈ കാലഘട്ടത്തിൽ നഷ്ടം സംഭവിച്ചുപോയാൽ, ആ സൊസൈറ്റിക്ക് നഷ്ടം ഉണ്ടായാൽ അത് പരിഹരിക്കാൻ വേണ്ടിയുള്ള ഒരു കൈത്താങ്ങ് കൊടുക്കേണ്ട ബാധ്യത ഗവൺമെന്റിനില്ലേ? ഗവൺമെന്റ് കൈമലർത്തുകയാണ്. ഞങ്ങൾ ഇപ്പോഴും പറയുന്നു ഈ സംഭരണം വഴി സംഘങ്ങൾക്ക് നഷ്ടം ഉണ്ടായാൽ ആ നഷ്ടം നികത്താൻ വേണ്ടതു ചെയ്യാം എന്നുപറയാൻ ഗവൺമെന്റ് ഒരുക്കമാണെങ്കിൽ ഞങ്ങൾ തീർച്ചയായും ആ നിലപാടിനെ പരിഗണിക്കും. പക്ഷേ അത് പറയുന്നില്ല. ഇവിടെ മുഖ്യമന്ത്രി പറഞ്ഞു, സിവിൽ സപ്ലൈസ് കോർപ്പറേഷനു മാത്രമായിട്ട് ഒന്നും ചെയ്യാൻ നിവൃത്തിയില്ല എന്ന്. എഫ്.സി.ഐ.-യെക്കൊണ്ട് ഇത് ചെയ്യാനാകും എന്നും, ചെയ്യാൻ ശ്രമിക്കാം എന്നും ഇവിടെ മുഖ്യമന്ത്രി പറയുകയുണ്ടായി. ഇന്നലെ ഉച്ചയ്ക്ക് ശ്രീ. ശരത് പവാർ മുൻകൈ എടുത്ത് ഒരു ചർച്ച ഉണ്ട് എന്നും മുഖ്യമന്ത്രി പറഞ്ഞു, ഇപ്പോൾ പറയുകയാണ് ആ ചർച്ചയിലെ തീരുമാനത്തെപ്പറ്റി എനിക്കൊന്നും അറിയില്ല എന്ന്. എന്താണീ കാണുന്നത്? ഇവിടെ നിരാഹാരം കിടക്കുമ്പോൾ ഒരു ചർച്ചയുണ്ടായി, ഫോൺ ചെയ്താൽ വിവരം കിട്ടും. ഫോൺ ചെയ്യാനുള്ള മര്യാദപോലും കാണിക്കാതെ ആ സമരത്തെ ഇതുപോലെ രാഷ്ട്രീയവൽക്കരിക്കുന്ന ഒരു മുഖ്യമന്ത്രി, ശരിക്കുപറഞ്ഞാൽ കർഷകരോടും കേരളത്തോടും നെൽകൃഷിയോടും പൊറുപ്പിക്കാനാകാത്ത അവഗണന കാണിക്കുകയാണ്. തെറ്റാണ് ഈ നിലപാട്. ഈ ഗവൺമെന്റ് നെൽക്കൃഷിയുടെ അന്ത്യകൂദാശയ്ക്കുവേണ്ടിയാണ് നിൽക്കുന്നത്. എല്ലാ റിപ്പോർട്ടുകളും പറയുന്നത് നമ്മുടെ നാട്ടിൽ നെൽകൃഷി ചുരുങ്ങിച്ചുരുങ്ങിവരുന്നു എന്നാണ്. കേരളത്തിലെ നെൽക്കൃഷി മേഖല ഇതുപോലെ ചുരുങ്ങുമ്പോൾ നെൽക്കൃഷിക്കാരെ സംരക്ഷിക്കാൻ വേണ്ടിയുള്ള ശ്രമത്തിൽ ഗവൺമെന്റിന് എന്ത് പങ്കാണ്? കൃഷിക്കാരെ സഹായിക്കാൻ, സംഘങ്ങളെ സഹായിക്കാൻ എന്താണ് ഗവൺമെന്റ് ഒന്നും ചെയ്യാത്തത്? അതുകൊണ്ട് ഒരു കാര്യം പറയട്ടെ, ഇവിടെ അങ്ങയുടെ വാക്കുകളിലെ മാറ്റം ഞാൻ മാനിക്കുന്നു, ദയവായി ആ ചെയറിൽ അങ്ങ് ഇരിക്കുമ്പോൾ ഈ സഭയുടെ ജനാധിപത്യ സങ്കൽപ്പങ്ങളെ അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

ഉയർത്തിപ്പിടിക്കാൻ ശ്രമിക്കണം. അങ്ങയുടെ മുൻഗാമിയെപ്പോലെ സഭയിലെ ആ ചെയറിൽ ഇരുന്നുകൊണ്ട് സഭയിലെ മെമ്പർമാരെ, പത്രങ്ങളെ, ഫോട്ടോഗ്രാഫർമാരെ, മാധ്യമങ്ങളെ എല്ലാത്തിനേയും ഭരിക്കാം എന്ന് അങ്ങ് ധരിച്ചാൽ ഞാൻ വീണ്ടും എല്ലാ ആദരവോടും പറയുന്നു അത് തീർച്ചയായിട്ടും വേദനയുണ്ടാക്കുന്നതായിരിക്കും. ഈ നേതാക്കൻമാരുടെ സമരത്തെപ്പറ്റി ജനങ്ങൾക്കറിയാം, അവർ അറിയുന്നുണ്ട്. ഏതെങ്കിലും പത്രത്തിന്റെ കണ്ണ് മൂടിവച്ചാൽ, നാക്ക് അരിഞ്ഞുകളഞ്ഞാൽ അതുകൊണ്ടൊന്നും അത് ജനങ്ങൾ അറിയാതിരിക്കാൻ പോകുന്നില്ല. സഖാവ് വി. എസ്. അച്ചുതാനന്ദൻ, സഖാവ് കെ.പി. രാജേന്ദ്രൻ, ഡോ. കെ.സി. ജോസഫ്, സഖാവ് എ.സി. ഷൺമുഖദാസ്, സഖാവ് എ.എ. അസീസ്, സഖാവ് സി.കെ. നാണു എന്നിവർ നിരാഹാരം കിടക്കുമ്പോൾ അതിന്റെ വികാരം കേരളത്തിന് അറിയാം. നിങ്ങൾ പത്രങ്ങളുടെ നാവരിഞ്ഞാൽ, കണ്ണു മൂടിക്കെട്ടിയാൽ അതുകൊണ്ട് കേരളം പ്രതികരിക്കാതിരിക്കാൻ പോകുന്നില്ല. കേരളം പ്രതികരിക്കും. അതുകൊണ്ട് ഏറ്റവും ശരിയായ ആശയങ്ങൾക്കുവേണ്ടി, ഏറ്റവും ശരിയായ കർഷക ലക്ഷങ്ങൾക്കുവേണ്ടി, നെല്ലിന്റെ ഭാവിക്കുവേണ്ടി നെൽക്കൃഷിയെ സംരക്ഷിക്കാൻ വേണ്ടിയുള്ള സമരമാണിത്. ഈ സമരത്തോട് ഗവൺമെന്റ് കാണിക്കുന്ന കുറ്റകരമായ നിലപാടിൽ പ്രതിഷേധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. ബിനോയ് വിശ്വവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. മോഹനൻ: സർ, ഇവിടെ പ്രതിപക്ഷ നേതാക്കൻമാരൊക്കെത്തന്നെ സമരത്തിലാണ്. അതിന്റെ കാരണം എന്താണെന്നതിനെക്കുറിച്ച് സഭയ്ക്കറിയാം. പക്ഷേ മുഖ്യമന്ത്രി തന്നെ സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. 69,961 മെട്രിക് ടൺ നെല്ല് സംഭരിച്ചു എന്നാണ് പറയുന്നത്. അത് ശരിയല്ല. അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. അങ്ങ് സഭയേയും തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ഇത് ശരിയല്ല, അങ്ങ് സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കൊണ്ട് നെല്ല് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം, ആ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ. പി. മോഹനൻ പ്രസ്താവന നടത്തിയതിനുശേഷം സഭവിട്ട് പുറത്തുപോയി.)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പ സമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

LIBRARY ARCHIVES Kerala Legislative Assembly